Mr. P. Kumaran Ezhuthassan *(Vadakkancheri):* In the light of the answer, are we right in taking that no fresh instructions subsequent to this article were given ?

Mr. M. M. Paul *(Director of Food Supplies):* After the 3rd subsequent instructions have been given.

Mr. P. Kumaran Ezhuthassan *(Vadakkancheri):* How long after the 3rd ?

Mr. M. M. Paul *(Director of Food Supplies):* I want notice.

Mr. K. T. Achyuthan *(Ezhuvas-Talappalli):* May I know whether any disciplinary action has been taken after this article ?

Mr. M. M. Paul *(Director of Food Supplies):* It is stated that disciplinary action is being taken after the article has been published. I want notice.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether any the slightest number of cases of defalcation had been detected subsequent to the passing of these instructions ?

Mr. M. M. Paul *(Director of Food Supplies):* Yes. In fact from the very area referred to in the article we have detected 4 or 5 cases.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What is the quantity involved in those 4 cases ?

Mr. M. M. Paul *(Director of Food Supplies):* I want notice with regard to the exact quantity.

Mr. A. B. Salem *(Mattancheri):* Has any derelection of duty been found by the checking officers beford the 3rd ?

Mr. M. M. Paul *(Director of Food Supplies):* Some officers have been found slack.

ARTICLES PROHIBITED FROM BEING TRANSPORTED FROM BRITISH INDIA TO COCHIN STATE

54. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ബ്രിട്ടീഷ് ഇന്ത്യയിൽനിന്നും അനുവാദം കൂടാതെ കൊച്ചിയിലേക്കു കൊണ്ടു വരവയ്യാത്ത നിത്യോപയോഗസാധനങ്ങളേതെല്ലാം;

(ബി) ഇതുകൂടി കൊച്ചീക്കാർക്കു കിട്ടുവാൻ ഗവണ്മെണ്ടു് എടുത്തിട്ടുള്ള നടപടികളെന്തെല്ലാം?

മിസ്റ്റർ എം. എം. പോൾ:

(എ) എല്ലാ സാധനങ്ങളും ബ്രിട്ടീഷിന്ത്യയിലുള്ള എല്ലാ സംസ്ഥാനങ്ങളിൽനിന്നും കയറ്റുമതി തടഞ്ഞിട്ടില്ല. ഉദാഹരണമായി മദിരാശിയിൽനിന്നും മുളകിന്റെ കയറ്റുമതി തടഞ്ഞിട്ടുണ്ടു്. എന്നാൽ ബങ്കാളിൽനിന്നും അതു തടഞ്ഞിട്ടില്ല. എങ്കിലും പൊതുവായി പറയുന്നതായാൽ, അരി, നെല്ലു്, ഗോതമ്പു്, മില്ലറ്റ്സു് (millets), പയറുവർഗ്ഗങ്ങൾ (pulses) പഞ്ചസാര, ശർക്കര, മുളകു് മുതലായവ ബ്രിട്ടീഷിന്ത്യയിൽനിന്നും പർമിറ്റുകൂടാതെ കൊണ്ടുവരുവാൻ വയ്യാത്തവയാണു്.

(ബി) സാധനങ്ങൾ കിട്ടുന്നതിനു കേന്ദ്രഗവണ്മെണ്ടും പ്രൊവിൻഷ്യൽ ഗവണ്മെണ്ടുകളും നാട്ടുരാജ്യഗവണ്മെണ്ടുകളുമായി വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

മിസ്റ്റർ സി. കെ. നായർ: ഈ സാധനങ്ങളെല്ലാം കൊച്ചിക്കു് "കോട്ട" അനുവദിച്ചിരിക്കുകയാണൊ?

മിസ്റ്റർ എം. എം. പോൾ: എല്ലാസാധനങ്ങൾക്കും കോട്ടയില്ല.

മിസ്റ്റർ സി. കെ. നായർ: പർമിറ്റു വെച്ചിട്ടുള്ളതു് ഇങ്ങോട്ടു എക്സ്പോർട്ടു ചെയ്യുവാനൊ അതൊ അവിടെ പോയി വാങ്ങുവാനൊ?

മിസ്റ്റർ എം. എം. പോൾ: പോയി വാങ്ങുവാനാണു്.

മിസ്റ്റർ സി. കെ. നായർ: അവിടെപോയി സാധനങ്ങൾ വാങ്ങുമെങ്കിൽ കൊച്ചി ഗവർമെണ്ടിൽനിന്നു പർമിറ്റു എടുക്കണമെന്നുണ്ടൊ?

മിസ്റ്റർ എം. എം. പോൾ: അവിടത്തെ ഗവർമെണ്ടിന്റെ പർമിറ്റു് വാങ്ങണം.

മിസ്റ്റർ സി. കെ. നായർ: അവിടെ പോയി സാധനങ്ങൾ വാങ്ങണമെങ്കിൽ ഇവിടെയുള്ളവർ അവിടത്തെ പർമിറ്റു എടുക്കണമെന്നാണൊപറയുന്നതു്?

മിസ്റ്റർ എം. എം. പോൾ: അതെ. പർമിറ്റെടുക്കുന്നവർക്കു് ഇവിടത്തെ കോട്ട കൊടുക്കും.

മിസ്റ്റർ സി. കെ. നായർ: കോട്ട അനുവദിച്ചിട്ടില്ലാത്ത സാധനങ്ങൾ എത്രയെങ്കിലും അവിടെനിന്നു വാങ്ങിക്കൊണ്ടുവരാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. എം. പോൾ: പർമിറ്റനുസരിച്ചുള്ള സാധനങ്ങൾ എടുക്കാം.

Mr. K. T. Achuthan *(Ezhuvas-Talappally):* May I know whether any chilies have been brought from the Bengal Province ?

Mr. M. M. Paul *(Director of Food Supplies):* I want notice.

PARTICULARS OF STORES STARTED UNDER THE CIVIL SUPPLIES DEPARTMENT

55 മിസ്റ്റർ സി. കെ. നായർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കുത്തരം പറയാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ വിവിധ താലൂക്കുകളിലായി എത്ര സ്റ്റോറുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്;

(ബി) ഓരോ സ്റ്റോറിലും എത്രവീതം ഉദ്യോഗസ്ഥന്മാരുണ്ട്; എത്രവീതം ശമ്പളമുള്ളവരാണവർ;

(സി) സ്റ്റോറുകൾക്കായി പ്രതിമാസം എന്തു ചിലവുവരുന്നുണ്ട്;

(ഡി) എന്തുദ്ദേശത്തോടുകൂടിയാണ് ഈ സ്റ്റോറുകൾ തുടങ്ങിയത്;

(ഇ) ഉദ്ദിഷ്ടകാര്യം ഈ സ്റ്റോറുകളെക്കൊണ്ടു സാധിച്ചിട്ടുണ്ടോ?

മിസ്റ്റർ എം. എം. പോൾ:

(എ) ൧൫൫ എണ്ണം.

(ബി) ൩ ആളുകൾവീതം. (ഒരാൾക്കു ൨൫ രൂ. കൂടിയും, മറ്റു രണ്ടുപേർക്കു ൧൫ രൂ. കൂടിയും വീതമാണ് ശമ്പളം).

(സി) ൩൫ രൂ. കൂടിവീതം.

(ഡി) ഇപ്പോൾ മുഖ്യതിരം രാജ്യത്തിന്റെ നാനാഭാഗത്തും നിവസിക്കുന്ന ജനങ്ങൾക്കു നിശ്ചിതനിരക്കിലും സമയത്തും അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുന്നതിനു്.

(ഇ) ഉവ്വു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether this total expenditure of Rs. 65 is not distributed with due respect to the communities of the State?

Mr. M. M. Paul *(Director of Food Supplies):* I want notice. Initial appointments are made by the Staff Selection Board, except inferior servants.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: എല്ലാ സ്റ്റോറിലും മൂന്നാളുകൾ വീതമാണോ ഉള്ളതു്?

മിസ്റ്റർ എം. എം. പോൾ: എല്ലാസ്റ്റോറിലുമില്ല. ചില സ്ഥലങ്ങളിൽ മൂന്നാളില്ലാതെയും വക്കു ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: ആളുകൾ കുറവുള്ളസ്ഥലത്തു കാർഡുകാക്കു സാധനങ്ങൾ കിട്ടുന്നതിനു വിഷമം നേരിടുന്നുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ഇല്ല.

മിസ്റ്റർ കെ. ജെ. തോമസു്: ഈ സ്റ്റോറുകളിൽ നിന്നു സാധനം കിട്ടുന്നതിനു കാർഡുവേണമെന്നുണ്ടോ?

മിസ്റ്റർ എം. എം. പോൾ: അങ്ങിനെയുണ്ടു്.

മിസ്റ്റർ കെ. ജെ. തോമസു്: ഫെയർ പ്രൈസ് ഷാപ്പിനുള്ളതു കാർഡു ഇതിനുമുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ഓരോ ഷാപ്പിനും ഇതു കാർഡുകൾ എന്നുണ്ടു്.

മിസ്റ്റർ കെ. ജെ. തോമാസു്: കാർഡുകാക്കു്ല്ലെ അവിടെനിന്നു സാധനം കിട്ടുകയുള്ളൂ?

മിസ്റ്റർ എം. എം. പോൾ: അതെ.

മിസ്റ്റർ കെ. ജെ. തോമാസു്: ഇതു് ഫെയർ പ്രൈസ് ഷാപ്പുകളെക്കൊണ്ടു നടത്തിക്കൊണ്ടു പോകാവുന്നതല്ലെ?

മിസ്റ്റർ എം. എം. പോൾ: സാധാരണ മറ്റു ഷാപ്പുകളില്ലാത്ത സ്ഥലങ്ങളിലാണ് ഗവർമെണ്ടു ഷാപ്പു വെച്ചിരിക്കുന്നതു്. ചില സ്ഥലത്തു ഗവർമെണ്ടു് ഷാപ്പു് ആവശ്യമാണെന്നു തോന്നിട്ടാണു് വച്ചിരിക്കുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: അരി, പഞ്ചസാര, മണ്ണെണ്ണ മുതലായ സാധനങ്ങൾ വിതരണം ചെയ്യുന്നതു് ഫെയർ പ്രൈസ് ഷാപ്പുവഴിയല്ലെ?

LIBRARY ARCHIVES Kerala Legislative Assembly